I/149315/2023

B3/94/2023-TC

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: 14-09-2023

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ/ജോയിന്റ് ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - പൊളിക്കുന്ന നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി റീഫണ്ട് ചെയ്യുന്നത് – സംബന്ധിച്ച്.

സൂചന :- 1. കേരള മോട്ടോർ വാഹന ടാസ്സേഷൻ നിയമത്തിലെ സെക്ഷൻ 6
2 . കേരള മോട്ടോർ വാഹന ടാസ്സേഷൻ ചട്ടത്തിലെ ചട്ടം 15A

1976-ലെ കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമം അനുസരിച്ച് പുതുതായി വാങ്ങുന്ന മോട്ടോർ സൈക്കിൾ, മോട്ടോർ കാർ എന്നിവയ്ക്ക് 15 വർഷത്തെ ഒറ്റത്തവണ നികുതിയും ഇത്തരത്തിലുള്ള പഴയ വാഹനങ്ങൾക്ക് 5 വർഷത്തെ നികുതിയും ഈടാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതായത് ചുരുങ്ങിയത് 5 വർഷത്തിൽ കുറഞ്ഞ കാലയളവിലേയ്ക്ക് നികുതി ഈടാക്കുവാൻ ടി നിയമത്തിൽ വ്യവസ്ഥയില്ല. അതുപോലെതന്നെ നികുതി അടച്ചിട്ടുള്ള ഇത്തരം വാഹനങ്ങൾ പൊളിച്ചതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യേണ്ടിവരുമ്പോൾ ബാക്കി കാലയളവിലേക്ക് അടച്ചിട്ടുള്ള നികുതി റീഫണ്ട് ചെയ്യണമെന്നും സെക്ഷൻ 6(2)-ൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഇത്തരത്തിൽ ഒറ്റത്തവണ നികുതിയോ 5 വർഷത്തെ Lumpsum നികുതിയോ അടച്ച വാഹനം രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുമ്പോഴും മറ്റ് സംസ്ഥാനത്തിലേക്ക് എൻ.ഒ.സി. എടുത്ത് പോകുമ്പോഴും തിരിച്ചുനൽകേണ്ടതായ നികുതിയും കാലയളവും കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 15(A)-ൽ വിശദീകരിക്കുന്നുണ്ട്. ഈ ചട്ടം അനുസരിച്ച് ഒരു വാഹനത്തിന്റെ നികുതി റീഫണ്ടിന് സംസ്ഥാനത്ത് ടി വാഹനം ഉപയോഗിച്ച കാലയളവ് വാർഷികാടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. അതായത് 15 വർഷം/5 വർഷം നികുതി അടച്ച വാഹനം 1 വർഷവും ഒരു ദിവസവും സംസ്ഥാനത്ത് ഉപയോഗിച്ചാൽ 2 വർഷം ഉപയോഗിച്ചതായി കണക്കാക്കി ബാക്കി 13 വർഷം/3 വർഷത്തെ നികുതിയാണ് റീഫണ്ട് അനുവദിക്കേണ്ടത്.

ഇത്തരം വാഹനങ്ങൾക്ക് നികുതി റീഫണ്ട് ചെയ്യുമ്പോഴും ബാലൻസ് നികുതി ഈടാക്കുമ്പോഴും monthly/Quarterly നിരക്കിൽ കണക്കാക്കരുത്.

അതായത് അഞ്ച് വർഷത്തേയ്ക്കു നികുതി അടച്ചിരുന്ന ഒരു വാഹനം 13 മാസം കഴിഞ്ഞ് പൊളിക്കുവാൻ അപേക്ഷ ലഭിച്ചാൽ, രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത് 3 വർഷത്തെ നികുതി റീഫണ്ട്

I/149315/2023

ചെയ്യണമെന്നാണ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിച്ചിട്ടുള്ളത്. ടി നിയമ വ്യവസ്ഥ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Shaji Madhavan
Date: 14-09-2023 19:40:12

SHAJI MADHAVAN
SENIOR DEPUTY TRANSPORT COMMISSIONER

പകർപ്പ് : സൂപ്രണ്ട് എസ്.എസ്.ജി വിഭാഗം- വകുപ്പ് വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനായി